**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 780** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കടലാക്രമണം തടയുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചുവരുന്ന ശാസ്ത്രീയ മാർഗങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കടലാക്രമണം ചെറുക്കുന്നതിനായി ജലസേചന വകുപ്പിന്റെ കീഴിൽ ശാസ്ത്രീയ പഠനങ്ങളുടെയും, സാങ്കേതിക സ്ഥാപനങ്ങളായ CWRPS, പൂനെ/ IIT, ചെന്നൈ എന്നിവയുടെ നിർദ്ദേശങ്ങളുടെയും ഡിസൈനിന്റെയും അടിസ്ഥാനത്തിൽ തീരശോഷണത്തിനും കടലാക്രമണത്തിനും വിധേയമായ പ്രദേശങ്ങളിൽ കടൽഭിത്തികൾ, പുലിമുട്ടുകൾ, Offshore Breakwaters, ഗ്രോയിൻ ഫീൽഡുകൾ എന്നിവ കരിങ്കല്ല്, ടെട്രാപോട്, Geotube എന്നിവ ഉപയോഗിച്ച് ദീർഘകാല സംരക്ഷണ പ്രവൃത്തികളായും Geobag ഉപയോഗിച്ചുള്ള താത്കാലിക സംരക്ഷണ പ്രവൃത്തികളായും ഉചിത രീതിയിൽ അവലംബിച്ചു വരുന്നു.

**(ബി)** കാഞ്ഞങ്ങാട്,അജാനൂർ കടപ്പുറം മേഖലയിൽ കടലാക്രമണം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ അജാനൂർ കടപ്പുറത്ത് സി.പി. സ്റ്റോൺ നമ്പർ 2620-ന് സമീപമുള്ള പ്രദേശം കടുത്ത കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. കഴിഞ്ഞ കാലവർഷത്തിൽ ഉണ്ടായ അതിശക്തമായ മഴയെ തുടർന്ന് ചിത്താരി പുഴയിലെ ജലനിരപ്പ് ഉയരുകയും പുഴയുടെ ഗതി മാറി ഫിഷ് ലാൻഡിംഗ് സെന്ററിനും സമീപ പ്രദേശങ്ങൾക്കും ഭീഷണിയാകുകയും ചെയ്തു. ഈ സാഹചര്യത്തിൽ "General-Emergency Temporary Protection Works using Geo Tube near CP Stone 2620 at Ajanur Kadappuram" എന്ന 25 ലക്ഷം രൂപയുടെ അടിയന്തര സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി താൽക്കാലിക തടയണയും കൃത്രിമ അഴിയും നിർമ്മിച്ച് പുഴയുടെ ഒഴുക്ക് സുരക്ഷിതമായി തിരിച്ചുവിടുകയും ചെയ്തു. ഇതിലൂടെ ഫിഷ് ലാൻഡിംഗ് സെന്ററും സമീപവാസികളുടെ വീടുകളും സംരക്ഷിക്കപ്പെടുകയും പ്രദേശവാസികളുടെ ആശങ്കകൾക്ക് പരിഹാരമാവുകയും ചെയ്തു.

നിലവിൽ 'GENERAL-Emergency ASE work - Monsoon Preparedness-2026-27 Emergency Temporary Protection works using Jumbo bag near CP Stone 2620 in Ajanur Kadappuram in Ajanur Grama Panchayath in Kasaragod District -General Civil Work' എന്ന 19 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ച് വരുന്നു .

അജാനൂർ കടപ്പുറത്തെ തീരദേശ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

കൂടാതെ, മിഷൻ ഡയറക്ടറേറ്റ് വഴി ഹോസ്ദുർഗ് താലൂക്കിൽ അജാനൂർ കടപ്പുറത്ത് 700 മീറ്റർ ദൂരം തീരസംരക്ഷണത്തിനായി ലോകബാങ്ക് RKP for DLI-10 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി ലോകബാങ്കിന്റെ reimbursement ലഭ്യമാക്കുന്നതാണ്.

പദ്ധതിയുടെ ആവശ്യകതകൾക്കനുസൃതമായി, ബാത്തിമെട്രി, ടോപ്പോഗ്രാഫിക് സർവേകൾ നിലവിൽ കേരള ഹൈഡ്രോഗ്രാഫിക് സർവേ വകുപ്പ് നടത്തിവരുന്നു. ലോകബാങ്ക് ചട്ടങ്ങൾ പ്രകാരം പദ്ധതി നടപ്പിലാക്കാൻ KCZMA (Kerala Coastal Zone Management Authority) യുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്ക് CRZ (Coastal Regulation Zone) അനുമതി നേടുന്നതിനായി, ടി റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCSCM (നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ആഘാത വിലയിരുത്തൽ (EIA) പഠനം നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. മോഡലിംഗ് പഠനങ്ങൾ നടത്തുന്നതിനും രൂപകൽപ്പന തയ്യാറാക്കുന്നതിനുമായി CWPRS, പൂനെ-യെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പഠനങ്ങൾ പൂർത്തിയാകുന്നതോടെയും ധനലഭ്യതയ്ക്ക് വിധേയമായും, പദ്ധതി പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക(ലക്ഷത്തിൽ) |
|---|---|---|
| 1 | GENERAL-Investigation work-Coastal protection-Total Station & Bathymetric Survey-Conducting Total station survey and Bathymetric survey for studying the feasibility of construction of sea walls and groynes at AjanurKadappuram from CP stone No 2610 to 450m North of CP stone No 2620 in AjanurGramaPanchayath of Kasaragod District. | 4.60 |
| 2 | GENERAL-ASE WORK-Reformation of Sea wall for a length of 100m 9m north of CP Stone 2620 near House No. 151 (ward XX ) of AjanurKadappuram in Hosdurg Taluk-General Civil Work | 92.60 |
| 3 | Construction of sea wall using Tetrapod for a length of 1621 m from 60 m north of cp stone No.2614 to 323 m north of cp stone No. 2620 at Ajanurkadappuram in Hosdurg Taluk of Kasargod District | 3730 |

സെക്ഷൻ ഓഫീസർ